**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**

**കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. ശ്രീ. മുരുകൻ, കൗണ്ടൻകളം, ചിറ്റൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന പ്രകാരം ശ്രീ.മുരുകൻ, കൗണ്ടൻകളം, ചിറ്റൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിർമിച്ച ഏഴ് കടമുറികൾക്ക് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത വാണിജ്യ കെട്ടിടം മുൻവശത്തുള്ള 3 മീ റോഡിൽ നിന്നും ആവശ്യമായ ആവശ്യമായ അകലം പാലിച്ചിട്ടില്ലെന്നും ആയത് KPBR 2019 ചട്ടം 26(4) ന്റെ ലംഘനമാണെന്നും , ചട്ടപ്രകാരം ആവശ്യമായ 3 മീ അകലത്തിന് പകരം 2.75 മീ മാത്രമാണ് അതിരിൽ നിന്നും വിട്ടിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ.മുരുകൻ, കൗണ്ടൻകളം, ചിറ്റൂർ